വിശ്വാസ്യതയുടെ 105 വർഷങ്ങൾ

കേരളകൗമുദി

Thursday, 24 November 2016



ഫിക്കി അവാർഡ് അമൃത സർവകലാശാല ഇ-ലേണിംഗ് റിസർച്ച് ലാബ് ഡയറക്ടർ പ്രൊഫ. കമല ബിജ്‌ലാനി നീതി ആയോഗ് വൈസ് ചെയർമാൻ ഡോ. അരവിന്ദ് പാനാഗരിയയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങുന്നു

# അമൃത സർവകലാശാലയുടെ ഇ-ലേണിംഗിന് ഫിക്കി അവാർഡ്

കൊച്ചി: സാങ്കേതിക രംഗത്തെ മികവിനുള്ള ഫിക്കി ദേശീയ അവാർഡിന് അമൃത സർവകലാശാലയുടെ ഓപ്പൺ സോഴ്സ് ഇ-ലേണിംഗ് സൊല്യൂഷൻ എ-വ്യൂ ന് ലഭിച്ചു. ഫിക്കി വിദ്യാഭ്യാസ ഉച്ചകോടിയിൽ സർവകാലാശാല ഇ-ലേണിംഗ് റിസർച്ച് ലാബ് ഡയറക്ടർ പ്രൊഫ. കമല ബിജ്‌ലാനി നീതി ആയോഗ് വൈസ് ചെയർമാൻ ഡോ. അരവിന്ദ് പാനാഗരിയയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി.

കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പ് മന്ത്രി പ്രകാശ് ജാവ്ദേക്കർ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ആന്ധ്ര പ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു, യൂറോപ്യൻ യൂണിയൻ സാംസ്കാരിക-വിദ്യാഭ്യാസ ഡയറക്ടർ ജനറൽ മാർട്ടിൻ റീഷേർട്ട്സ് എന്നിവർ പങ്കെടുത്തു. എ-വ്യൂ സോഫ്റ്റ്‌വെയർ ക്ലാസ് റൂമിലോ കംപ്യൂട്ടറിലോ സ്മാർട്ട് ഫോണിലോ സജ്ജീകരിക്കാം. www.aview.com എന്ന വെബ്സൈറ്റിൽ സോഫ്റ്റ് വെയർ സൗജന്യമായി ലഭിക്കുമെന്ന് അധികൃതർ അറിയിച്ചു.